നഗരസഭകളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്.

(ബി) എത്ര മുൻസിപ്പാലിറ്റികളാണ് ഫസ്റ്റ് ഗ്രേഡായി ഉയർത്തിയിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

22-7-2014-ലെ സ.ഉ (കൈ) നം.135/2014/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 28 നഗരസഭകളെ ഫസ്റ്റ് ഗ്രേഡായി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് നഗരസഭകളുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നഗരസഭകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിൽ നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുന്നുണ്ട്.

ഐ. കെ.എം. സോഫ്റ്റ്വെയറുകളുടെ പ്രവർത്തനക്ഷമത

337 (337) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.കെ.എം. മുഖേന തദ്ദേശസ്വയംഭരണ വകുപ്പുകളിൽ നടപ്പാക്കുന്ന പൊതുജന സേവനങ്ങൾക്കുള്ള വിവിധ സോഫ്റ്റ്വെയറുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ?

ഐ.കെ.എം. രൂപകൽപ്പനചെയ്ത പൊതുജന സേവനങ്ങൾക്കുള്ള സോഫ്റ്റ്വെയറുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പ്രശ്നങ്ങളും പരാതികളും ഉയർന്നുവരുമ്പോൾ യഥാസമയം പരിശോധിച്ച് പരിഹരിച്ചുവരുന്നുണ്ട്.

(ബി) ഇത് കൂടുതൽ ജനസൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോ?

പഞ്ചായത്തിൽനിന്നും നൽകിവരുന്ന ഇരുന്നൂറിൽപ്പരം സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും ഓൺലൈൻ ആയി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം 2021 സെപ്റ്റംബർ 6 മുതൽ നിലവിൽവന്നു. പ്രസ്തുത സംവിധാനം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ സോഫ്റ്റ്വെയറുകൾ ജനസൗഹൃദമാക്കാൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള മാറ്റങ്ങൾ സമയോചിതമായി സോഫ്റ്റ്വെയറിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംയോജിത ജില്ലാ വികസന രൂപരേഖ

338 (338) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ വകുപ്പ് 53-ൽ പ്രതിപാദിക്കുന്നത് പ്രകാരമുള്ള ജില്ലാ പദ്ധതികൾ 2017-18 കാലയളവിൽ എല്ലാ ജില്ലകളിലും തയ്യാറാക്കിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്ന് 11-1-2021-ലെ സ.ഉ. (കൈ)നം.04/2021/തസ്വഭവ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 1996-ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന റിപ്പോർട്ടുകൾ തയ്യാറാക്കിയിരുന്നു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ പതിനാലാം പദ്ധതി പ്രവർത്തനത്തിന്റെ മുന്നൊരുക്കമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന റിപ്പോർട്ടുകൾ പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉറവിട മാലിന്യ സംസ്കരണം

339 (339) ശ്രീ. ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly